(സി) ഇതിനകം ആർക്കെങ്കിലും സബ്സിഡി നൽകിയോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സഹകാര്യ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

*ഉത്തരം*

(എ) & (ബി) സഹകാര്യമേഖലയിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ സംരംഭകർക്ക് സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്.

ഓരോ യൂണിറ്റിന്റെ മുടക്കു മുതലിന്റെ രേഖകൾ പരിശോധിച്ച് 25% (പരമാവധി 5 ലക്ഷം രൂപ) സബ്സിഡിയായി സംരംഭകർക്ക് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡി കൂടി നൽകുന്നതാണ്. കെട്ടിടത്തിന്റേയും, മറ്റു അനുബന്ധ സൗകര്യങ്ങളുടെയും യഥാർത്ഥ മുതൽമുടക്ക് കണക്കാക്കി അതിന്റെ 25 ശതമാനമാണ് സബ്സിഡിക്കായി കണക്കാക്കുന്നത്. മുതൽമുടക്ക് കണക്കാക്കുന്നത് ഗവൺമെന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ്.

(സി) ഇല്ല. വിശ്രമകേന്ദ്രങ്ങൾ നിർമ്മിച്ച് അംഗീകരിക്കപ്പെട്ടതിനുശേഷം മാത്രമേ സബ്സിഡി നൽകുകയുള്ളൂ.

(ഡി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

**കുമ്പള ടൂറിസം മോഡൽ വില്ലേജ് ആരംഭിക്കുന്നതിനുള്ള നടപടി**

82 [393] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള ടൂറിസം മോഡൽ വില്ലേജ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(ബി) ടൂറിസം ഗ്രാമത്തിൽ എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നത്;

(സി) ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) കുമ്പള ടൂറിസം പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഗ്രാമീണ ടൂറിസത്തിൽ മുൻഗണന നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതികൾ രൂപകൽപ്പന നടത്തി അവ എത്രയും വേഗം നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly